"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- പി.എം.എ.വൈ.(ജി)- സംസ്ഥാന ,ജില്ലാതല പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളിൽ കരാർ വ്യവസ്ഥയിൽ ജോലി നോക്കി വരുന്ന ഐ.ടി. പ്രൊഫഷണൽ മാരുടെയും സംസ്ഥാന യൂണിറ്റിലെ ഡേറ്റ എൻട്രി ഓപ്പറേറ്ററുടെയും കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.349/2026/LSGD തീയതി,തിരുവനന്തപുരം, 09-02-2026

---

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.09.2025, 24.11.2025 തീയതികളിലെ LSGD/PD/12372/2023-CSSA1 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

പി.എം.എ.വൈ.(ജി) ഭവന നിർമ്മാണ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം സംസ്ഥാന/ജില്ല/ബ്ലോക്ക് ലെവൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ രൂപീകരിക്കുന്നതിനും ജില്ലാതലത്തിൽ ഐ.ടി. പ്രൊഫഷണൽമാരെ നിയോഗിക്കുന്നതിനും സർക്കാർ അനുമതി ലഭിച്ചിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന, ജില്ലാ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകളിൽ ഓരോ ഐ.ടി.പ്രൊഫഷണൽമാർ കരാർ അടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരികയുമാണ്. പി. എം.എ.വൈ. (ജി) ഭവന പദ്ധതിയുടെ എറണാകുളം , തൃശ്ശൂർ ജില്ലകളിലെ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റുകളിൽ ഐ.ടി. പ്രൊഫഷണൽമാരായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന ശ്രീമതി സജ്ന എം.എച്ച്., ശ്രീ. സുജേഷ് എം.എസ്. എന്നിവരുടെയും, സംസ്ഥാന യൂണിറ്റിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഐ.ടി. പ്രൊഫഷണൽ ശ്രീമതി പ്രിയ ഫ്രാൻസിസ്, ഡേറ്റ എൻട്രി ഓപ്പറേറ്റർ ശ്രീമതി ഷീജ ബി. എന്നിവരുടെയും കരാർ കാലാവധി ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ചു നൽകുന്നതിന് പരാമർശ കത്തുകൾ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എം.എ.വൈ. (ജി) ഭവന പദ്ധതിക്കായി

രൂപീകരിക്കപ്പെട്ട പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റുകളിൽ പദ്ധതികളുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന എറണാകുളം ജില്ലാ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിലെ ഐ.ടി. പ്രൊഫഷണൽ ശ്രീമതി സജ്ന എം.എച്ച്., തൃശ്ശൂർ ജില്ലാ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിലെ ഐ.ടി. പ്രൊഫഷണൽ ശ്രീ. സുജേഷ് എം.എസ്., സംസ്ഥാന യൂണിറ്റിലെ ഐ.ടി. പ്രൊഫഷണൽ ശ്രീമതി പ്രിയ ഫ്രാൻസിസ്, സംസ്ഥാന യൂണിറ്റിലെ ഡേറ്റ എൻട്രി ഓപ്പറേറ്റർ ശ്രീമതി ഷീജ ബി. എന്നിവർക്ക് യഥാക്രമം 03.11.2025, 16.10.2025, 12.11.2025, 08.12.2025 തീയതിമുതൽ കരാർ കാലാവധി, കരാർ നിയമനം സംബന്ധിച്ച ധനവകുപ്പിന്റെ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷത്തേയ്ക്ക് കൂടി കരാർ ദീർഘിപ്പിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ്( 16.01.2026 ലെ e-3316157/ധെവ-1/240/2025-ധന
അനൗദ്യോഗിക കുറിപ്പ് പ്രകാരം)
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്& ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Sheeba. S. C
Date: 10-02-2026 12:35:17

സെക്ഷൻ ഓഫീസർ